## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 768** — **08-10-2024 - ൽ മറുപടിയ്ക്ക്**

## നവകേരളീയം കുടിശ്ശിക നിവാരണം -2023

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | നവകേരളീയം കുടിശ്ശിക നിവാരണം -2023 രണ്ടാംഘട്ട പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാതല സമിതി മുഖേന സംസ്ഥാനതല സമിതി യോഗം ചേരുന്നത് നീണ്ടുപോവുന്നതിനാൽ കുടിശ്ശിക നിവാരണത്തിൽ തീരുമാനമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | “നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023" - രണ്ടാം ഘട്ടം 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെ നടപ്പിലാക്കി.<br><br>50,000/- രൂപ വരെ, 50,000/- രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപ വരെ, 2 ലക്ഷം രൂപയ്ക്ക് മുകളിൽ 25 ലക്ഷം രൂപ വരെ, 25 ലക്ഷം രൂപയ്ക്ക് മുകളിൽ 50 ലക്ഷം രൂപ വരെ എന്നിങ്ങനെ വിവിധ പരിധിയിൽ ഉൾപ്പെട്ട കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗീകമായോ/ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗീകമായോ/ പൂർണ്ണമായോ സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് 50,000/- രൂപ വരെ ഇളവ് അനുവദിക്കുന്നതിനും, 50,000/- രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപ വരെയുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും, സംഘതല കമ്മിറ്റിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ജില്ലാ തല കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്നതിനും, രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇളവുകൾ സംഘം ഭരണ സമിതി തീരുമാനം, ജില്ലാതല കമ്മിറ്റി തീരുമാനം, ജോയിന്റ് രജിസ്ട്രാറുടെ ശുപാർശ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിക്കും അനുവദിക്കുന്നതിന് ടി പദ്ധതി പ്രകാരം സാധിക്കുന്നു.<br><br>മേൽ പ്രകാരം 2 ലക്ഷം രൂപയ്ക്ക് മുകളിൽ ഇളവ് അനുവദിക്കുന്നതിനുള്ള നാമ മാത്രമായ അപേക്ഷകളാണ് സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭ്യമാവുന്നത്. |
| (ബി) | ഈ പദ്ധതി ആരംഭിച്ചശേഷം സംസ്ഥാനതലസമിതി യോഗം ചേർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോഴാണ് പ്രസ്തുത യോഗം ചേരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023" - രണ്ടാം ഘട്ടം ആരംഭിച്ചതിന് ശേഷം സംസ്ഥാനതല സമിതി ചേർന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ